# കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ക്രമങ്ങൾ

( ഹാജർ .സി.മനോജ് കുമാർ )

വിഷയം :- പൊതുവിദ്യാഭ്യാസം -ജീവനക്കാര്യം-അന്തർ ജില്ലാ സ്ഥലം മാറ്റം 2024-25- എൽ.പി.എസ്.ടി - അന്തിമ സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

സൂചന :- 1)പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 26/11/2024,27/12/2024 തിയ്യതികളിലെ DGE/24296/2024- A1 നമ്പർ സർക്കുലർ

2)അധ്യാപകർ ഓൺലൈൻ മുഖേന സമർപ്പിച്ച അപേക്ഷകൾ

3)ട്രാൻസ്ഫർ & പോസ്റ്റിങ്ങ് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച അന്തർജില്ലാ സ്ഥലം മാറ്റത്തിനായുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റ്

4)ഈ കാര്യാലയത്തിൽ നിന്നും പ്രസിദ്ധീകരിച്ച അന്തർജില്ലാ സ്ഥലം മാറ്റത്തിനായുള്ള താൽക്കാലിക സ്ഥലം മാറ്റ ഉത്തരവ്

5)ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 18/10/2024 തിയ്യതിയിലെ എവിസി-III-2/46/2024/ഉഭപവ നമ്പർ കത്ത്

6)പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 28/03/2025 തിയ്യതിയിലെ DGE/15524/2024-A1 നമ്പർ കത്ത്

7) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 04/04/2025 തിയ്യതിയിലെ DGE/15524/2024-A1 നമ്പർ കത്ത്

**ഉത്തരവ് നമ്പർ DDEKKD/11643/2024-A4**

**തീയതി : 10-04-2025**

പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ എൽ.പി.എസ്.ടി മാരുടെ 2024-25 വർഷത്തെ അന്തർജില്ലാ സ്ഥലം മാറ്റത്തിനായ് പരാമർശം (1)പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ മാർഗ്ഗനിർദേശംപുറപ്പെടുവിച്ചിട്ടുണ്ട്.ആയതപ്രകാരം അധ്യാപകർ ഓൺലൈൻ മുഖേന സമർപ്പിച്ച അപേക്ഷകൾ പരിഗണിച്ച്പരാമർശം (3) പ്രകാരം ട്രാൻസ്ഫർ & പോസ്റ്റിങ്ങ് സൈറ്റിൽ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

2024-25 അധ്യയന വർഷത്തെ അധ്യാപകരുടെ അന്തർ ജില്ലാ സ്ഥലം മാറ്റത്തിനായ് മാറ്റി വെച്ചിട്ടുള്ള ഒഴിവിലേയ്ക്ക് പരാമർശം (3) സീനിയോരിറ്റി ലിസ്റ്റിൽ നിന്നും എൽ.പി.എസ്.ടി മാർക്ക് പരാമർശം (4) പ്രകാരം താൽക്കാലിക സ്ഥലം മാറ്റ ഉത്തരവ് ഈ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ചിരുന്നു.എന്നാൽ പരാമർശം(5) പ്രകാരമുള്ള ഈ ഓഫീസിലെ പരിശോധനയുടെ ഭാഗമായ് അന്തർ ജില്ലാ സ്ഥലം മാറ്റ നടപടികൾ താൽക്കാലികമായ് നിർത്തിവെയ്ക്കുന്നതിന് പരാമർശം (6) പ്രകാരം നിർദേശം ലഭിക്കുകയും തുടർന്ന് പരാമർശം(7) പ്രകാരം അന്തർജില്ലാ സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിർദേശം ലഭിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക സ്ഥലം മാറ്റ ഉത്തരവിലെ പരാതികളും ആക്ഷേപങ്ങളും പരിഹരിച്ചുകൊണ്ട് ചുവടെ ചേർക്കും പ്രകാരം അവരുടെ പേരിന് നേരെ ചേർക്കുന്ന സ്കൂളിലേയ്ക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | അധ്യാപകന്റെ പേര്,നിലവിൽ ജോലി ചെയ്യുന്ന സ്കൂളിന്റെ പേര് | തസ്തിക | സ്ഥലം മാറ്റം അനുവദിക്കുന്ന സ്കൂളിന്റെ പേര് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | VIJITHA T<br>GLPS ANAPPADI | LPST | GUPS MANASSERY |
| 2 | RAMLA N K<br>GLPS<br>GOPALAPETTA,<br>KANNUR | LPST | coloumn number 19 of IDT application is noted as No.There is no vacancy in the applied school.Hence not considered |
| 3 | AFSAL K<br>GLPS<br>LAKKIDI,WAYANAD | LPST | GUPS<br>THOTTUMUKKAM |
| 4 | RENEESHA MV<br>GFUPS<br>MANNALAMKUNNU<br>THRISSUR | LPST | GMLPS<br>CHATHAVANNACODE |

അന്തർ ജില്ലാ സ്ഥലം മാറ്റം ലഭിച്ച അധ്യാപകരുടെ സീനിയോരിറ്റി കോഴിക്കോട് ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തിയ്യതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ.അന്തർജില്ലാ സ്ഥലം മാറ്റം ഉത്തരവായിട്ടുള്ള അധ്യാപകർ കോഴിക്കോട് ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസം ടി തസ്തികയിലെ ഏറ്റവും ജൂനിയർ ആയിരിക്കും.അധ്യാപകരെ വിടുതൽ ചെയ്യുന്നതിന് മുൻപായ് മേൽ സൂചിപ്പിച്ച നിബന്ധന അംഗീകരിക്കുന്നതിനായുള്ള സത്യപ്രസ്ഥാവന അദ്ധ്യാപകരിൽ നിന്നും ലഭ്യമാക്കി പ്രധാന അധ്യാപകർ മേലൊപ്പ് വെച്ച് സേവന പുസ്തകത്തിൽ പതിപ്പിക്കേണ്ടതും ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.പരാമർശം (20 പ്രകാരം സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ തെറ്റായ വിവരത്തിന്റെ അടിസ്ഥാനത്തിലാണ്സ്ഥലം മാറ്റം ലഭ്യമായത് എന്ന് ബോധ്യപ്പെട്ടാൽ ഈ ഉത്തരവ് പുന: പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. 2024-25 അധ്യയന വർഷത്തെ വകുപ്പ്തല പൊതു സ്ഥലം മാറ്റത്തിന് വിധേയമായ് ഉത്തരവിൽ ആവശ്യമെങ്കിൽ ഭേദഗതി വരുത്തുന്നതിന് വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് അധികാരം

ഉണ്ടായിരിക്കുന്നതാണ്.

അന്തർ ജില്ലാ സ്ഥലം മാറ്റം ലഭിക്കുന്ന അധ്യാപകർ 23/08/2012 തിയ്യതിയിലെ സ.ഉ(പി)നം42/2012 /ഉ.ഭ.പ.വ പ്രകാരം കോഴിക്കോട് ജില്ലയിൽ പുതുതായ് നിരീക്ഷണ കാലയളവ് പൂർത്തീകരിക്കേണ്ടതാണ്.

സർവ്വീസിൽ 5 വര്ഷം പൂർത്തീകരിച്ചിട്ടില്ലാത്ത അധ്യാപകർക്ക് 23/04/2003 ലെ സ.ഉ(എം.എസ്)നം.94/2003/പൊ.വി.വ പ്രകാരമുള്ള സ്കൂളിലേയ്ക്ക്സ്ഥലം മാറ്റം ലഭിച്ചിട്ടുണ്ടെങ്കിൽ ടി അധ്യാപകർക്ക് കോഴിക്കോട് ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തിയ്യതി മുതൽ 5 വർഷത്തേയ്ക്ക് ഉത്തരവിൽ പറഞ്ഞിട്ടുള്ള ഹിൽ/റിമോട്ട് സ്കൂളുകളിൽ മാത്രമേ സ്ഥലം മാറ്റത്തിനു അർഹത ഉണ്ടായിരിക്കുകയുള്ളൂ.ആയതിന് വിരുദ്ധമായ് ഓൺലൈൻ മുഖാന്തിരം അപേക്ഷ സമർപ്പിച്ച് സ്ഥലം മാറ്റം ലഭ്യമാകുന്ന അധ്യാപകർ കടുത്ത അച്ചടക്ക നടപടികൾക്ക് വിധേയമാകുന്നതാണ്.

അന്തർ ജില്ലാ സ്ഥലം മാറ്റം ലഭിച്ച അധ്യാപകർ 30/04/2025 തിയ്യതിയ്ക്കകം

സ്ഥലം മാറ്റം ലഭിച്ച സ്കൂളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.ജോലിയിൽ പ്രവേശിച്ച വിവരം യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

Signed by
Manoj Kumar C
Date: 10.04.2025 12:06:17

**വിദ്യാഭ്യാസ ഉപഡയറക്ടർ**
**കോഴിക്കോട്**

സ്വീകർത്താവ് :

1.പൊതു വിദ്യാഭ്യാസ ഡയറക്ടർ തിരുവനന്തപുരം

2.ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ

3.ബന്ധപ്പെട്ട പ്രധാന അധ്യാപകർ

4.ബന്ധപ്പെട്ട  അധ്യാപകർ